# നീരയുടെ പേരിൽ കണ്ണീർ വീഴ്ത്തരുത്

കേരം തിങ്ങും കേരള നാട്ടിന് കേരം അഭിമാനമായി മാറുന്ന സ്ഥിതിയാണിപ്പോൾ. തേങ്ങയ്ക്ക് ദിനേനെ വില കുതിച്ചു കയറുന്നു. വെളിച്ചെണ്ണയ്ക്കും അങ്ങനെ തന്നെ. വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തുന്നത് കേരകർഷകരെ സംബന്ധിച്ചിടത്തോളം ആഹ്ലാദകരം തന്നെ. അതേസമയം എല്ലാത്തിനും തീവിലയുള്ളപ്പോൾ തേങ്ങയും ആ വഴിക്കു തന്നെയായത് സാധാരണക്കാരെ സംബന്ധിച്ച് പ്രതിസന്ധിയുണ്ടാക്കുമെന്നത് വേറെ കാര്യം. റബ്ബറിന്റെ കുതിച്ചു കേറുന്ന വിലയിൽ മോഹിതരായി തെങ്ങ് വെട്ടി അവിടെ റബ്ബർ വെച്ച കാലവുമുണ്ടായിരുന്നു. എന്നാൽ കേരകർഷകന് പണ്ടത്തെ അഭിമാനം വീണ്ടും കരഗതമാവുന്ന സ്ഥിതിയാണിപ്പോൾ.

അതിനൊപ്പം നീര ചെത്താൻ കൂടി തയ്യാറായാൽ തെങ്ങുകൊണ്ട് ജീവിക്കാം എന്ന അവസ്ഥയുണ്ടാവും. ഇത്രയും കേരസമൃദ്ധിയുള്ള നാട്ടിൽ തേങ്ങയും ഉപോൽപ്പന്നങ്ങളും വിപണിയിൽ വേണ്ടത്ര മുമ്പന്തിയിൽ എത്തിയിട്ടില്ല എന്നത് ദുഃഖകരമാണ്. അതിനൊരു പ്രതിവിധി എന്ന നിലയ്ക്കാണ് നീര ഉൽപ്പാദനം ലക്ഷ്യമിട്ടുള്ള പദ്ധതി. ഇത് നൂറ് ശതമാനം വിജയം കണ്ടില്ലെങ്കിൽ കൂടി കേരകർഷകർക്ക് പിടിച്ചുനിൽക്കാൻ വകുപ്പുണ്ട്. എന്നാൽ ആ വഴിക്ക് നീങ്ങി കേരകർഷകരെ കൈപിടിച്ചുയർത്താൻ പോന്ന സംവിധാനമല്ല നടക്കുന്നതെന്നറിയുന്നത് വേദനാജനകമാണ്. നീര ഉൽപ്പാദനത്തിനും വിപണനത്തിനും സർക്കാർ നിർദ്ദേശിച്ച കടുത്ത നിബന്ധനകൾ തന്നെയാണ് കേരകർഷകരെ നിരാശപ്പെടുത്തുന്നത്.

നീര ഉൽപ്പാദനം തുടങ്ങിയാൽ കർഷകരേയും ഉൽപ്പാദക യൂണിറ്റുകളെയും അങ്ങേയറ്റം തളർത്തുന്ന നിബന്ധനകളാണുള്ളത്. എത്രയും വേഗം ഈ പദ്ധതി ഉപേക്ഷിക്കപ്പെടട്ടെ എന്ന തരത്തിലുള്ള നിബന്ധനകൾ ആരെ രക്ഷിക്കാനാണ് എന്ന് മനസ്സിലാവുന്നില്ല. കർഷകരുടെ മനസ്സുമടുപ്പിക്കുന്ന, ചുറ്റിക്കുന്ന വ്യവസ്ഥകളാണ് എക്സൈസ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. കേരള നീര റൂൾസ് 2014 ലാണ് ഇതു സംബന്ധിച്ച നിബന്ധനകൾ ഉള്ളത്. അൽപം പോലും ലഹരിയുടെ അംശമില്ലാത്ത പാനീയമായാണ് നീര പാക്ക് ചെയ്ത് വിപണനത്തിന് എത്തിക്കേണ്ടത്. അതിനൊപ്പം ചക്കര, നീര കുറുക്കിയുണ്ടാക്കുന്ന പാനി എന്നിവയും വിപണിയിൽ എത്തിക്കാം. പാനിയുടെയും ചക്കരയുടെയും കാര്യത്തിൽ അത്ര വലിയ ബുദ്ധിമുട്ടില്ലെങ്കിലും നീരയുടെ ഉൽപ്പാദനത്തിൽ കടുത്ത നിബന്ധനയാണുള്ളത്. ഇതാണ് കർഷകരിലും കർഷക സൊസൈറ്റികളിലും ആശങ്ക പടർത്തുന്നത്.

നീര ചെത്താനുള്ള അപേക്ഷ എക്സൈസ് വകുപ്പിനാണ് നൽകേണ്ടത്. അവർ നമ്പറിട്ട് നൽകുന്ന തെങ്ങുകൾ മാത്രമേ ചെത്താനാവൂ. ഓരോ തെങ്ങിനും ഫീസുണ്ട്. നമ്പറിട്ടു നൽകുന്ന എല്ലാ തെങ്ങിൽ നിന്നും നീര കിട്ടണമെന്നില്ല. ചെത്തിത്തുടങ്ങിയാലേ അതറിയാൻ കഴിയൂ. അപ്പോൾ വീണ്ടും എക്സൈസ് ഉദ്യോഗസ്ഥരെ വിവരം അറിയിക്കണം. പഴയ നടപടിക്രമങ്ങൾ പാലിക്കണം. കൂടാതെ ചെത്തിയ നീര സംസ്കരണ യൂണിറ്റിലേക്ക് കൊണ്ടുപോകുന്നതിന് പെർമിറ്റെടുക്കുകയും വേണം. ലഹരിയുടെ പേരിൽ കർഷകരെ പീഡിപ്പിക്കാനും കേസെടുത്ത് ബുദ്ധിമുട്ടിക്കാനും പറ്റുന്ന ഒട്ടേറെ വ്യവസ്ഥകളാണ് ഇപ്പോഴുള്ളത്. ഇക്കാര്യം ചൂണ്ടിക്കാട്ടുന്ന കർഷകരുടെ ചോദ്യം എന്തിനാണിങ്ങനെയൊരു സംരംഭം എന്നാണ്.

സംസ്ഥാനത്തിന്റെ തനതായ ഒരു വിഭവം വിപണനത്തിനെത്തിക്കാൻ കുറ്റമറ്റ രീതിയിലുള്ള സംസ്കരണ, ശുദ്ധീകരണ സംവിധാനങ്ങൾ വേണമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ കർഷകരെ അങ്ങേയറ്റം മുൾമുനയിൽ നിർത്തി അതിന് ഇറങ്ങിപ്പുറപ്പെടുമ്പോൾ സ്വാഭാവികമായ എല്ലാ രീതികളും ഇല്ലാതാവുന്നു. മനംമടുത്ത കർഷകരും സൊസൈറ്റികളും ഇതിൽ നിന്ന് പിന്മാറുന്നു. അവിടേക്ക് ബഹുരാഷ്ട്ര കുത്തകകളും മറ്റും കുതിച്ചെത്തുന്ന സ്ഥിതിയുണ്ടാകുന്നു. അടുത്ത മാസത്തോടെ മറ്റു രാജ്യങ്ങളിൽ നിന്ന് നീരയും ഉപോൽപ്പന്നങ്ങളും വിപണിയിൽ എത്തിത്തുടങ്ങും. വൻ മുതൽമുടക്കിന് തയ്യാറാവുന്ന ബഹുരാഷ്ട്ര കുത്തകകൾ കമനീയമായ പാക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനത്തോടെയാവും രംഗത്തെത്തുക. അതിനെ കിടപിടിക്കുന്ന തരത്തിൽ തനതു നീരയും ഉപോൽപ്പന്നങ്ങളും സംസ്ഥാനത്ത് വിപണനം ചെയ്യാനാവുമോ എന്ന് കാര്യം സംശയമാണ്.

വമ്പൻ കമ്പനികളുമായി മത്സരിച്ച് മുന്നോട്ട് പോവണമെങ്കിൽ സർക്കാറിന്റെ കൈത്താങ്ങ് ഉണ്ടായേ മതിയാവൂ. അതിനൊപ്പം കർഷകരോട് അനുകമ്പയുള്ള സമീപനവും ആശ്വാസ നടപടികളും വേണം. എന്നാൽ അതൊന്നും ഉണ്ടാവുന്നില്ല എന്നു മാത്രമല്ല മനപ്പൂർവ്വം ഉപദ്രവിക്കുന്ന സമീപനങ്ങൾക്ക് വഴി തുറന്നിടുകയും ചെയ്യുന്നു. നീരയ്ക്ക് വേണ്ടി വർഷങ്ങളായി കർഷകർ മുറവിളികൂട്ടുകയായിരുന്നു. ഒടുവിൽ അതിന് സർക്കാർ അനുമതി കൊടുത്തു. എന്നാൽ ഏട്ടിലെ പശു പുല്ലു തിന്നില്ല എന്നു പറയുന്നതു പോലെ കടലാസിൽ എല്ലാം എഴുതിവെച്ചതു കൊണ്ടായില്ല. സംസ്ഥാനത്തെ തനതു വിഭവത്തിന് കഴിയുന്നത്ര പ്രോത്സാഹനവും വിപണിയും കണ്ടെത്തിക്കൊടുക്കാൻ കൂടി ഭരണകൂടം സന്നദ്ധമാവണം. ഇക്കാര്യത്തിനായി മുന്നിട്ടിറങ്ങുന്നവരുടെ മുമ്പിൽ കൈയാമവും കൈത്തോക്കുമായി നിൽക്കാൻ ഉദ്യോഗസ്ഥർക്ക് അവസരമുണ്ടാവരുത്. അങ്ങനെ ഉദ്യോഗസ്ഥർ പെരുമാറുമ്പോഴാണ് 'പദ്ധതി നാണംകെടുത്തുന്നതാവരുത്' എന്ന് മുഖ്യമന്ത്രിക്ക് പറയേണ്ടിവരുന്നത്. ആത്മാർത്ഥത പദ്ധതി പ്രഖ്യാപനത്തിൽ മാത്രം പോര; നടപ്പാവുന്നതിന്റെ അവസാനഘട്ടം വരെ വേണ്ടിവരും. കേരസമൃദ്ധിയാൽ ഒരു നാട് തലയുയർത്തിപ്പിടിക്കുമ്പോൾ അവിടുത്തെ ജനങ്ങൾക്കും ഒപ്പം അഭിമാനമുണ്ടാവും. ആ അഭിമാനം ആരുടെ മുമ്പിലും അടിയറവെക്കാതിരിക്കാനുള്ള പ്രവർത്തന പദ്ധതിയാണ് വേണ്ടത്. കേരളത്തിന്റെ സ്വന്തം നീരയ്ക്ക് വൻ വിപണി കിട്ടണമെങ്കിൽ അത്തരമൊരു ഉൾക്കാഴ്ചയുള്ള നിലപാടും നടപടിയും സ്വീകരിക്കേണ്ടിവരും.